# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7870 16/07/2014-ൽ മറുപടിക്ക്

# ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ലേബർ ഹൗസുകൾക്ക് ഒ.വൈ.ഇ.സി. കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതികണക്ഷൻ ലഭിക്കാനായി എന്തൊക്കെ നിബന്ധനകളാണ് പാലിക്കേണ്ടത്; | (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തോടൊപ്പം നിശ്ചിത ഫീസും, സർവീസ് കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും, അംഗീകൃത ഇലക്ട്രിക്കൽ വയർമാൻ, സൂപ്പർ വൈസർ, കോൺട്രാക്ടർ എന്നിവർ ഒപ്പിട്ട് നൽകിയ കംപ്ലീഷൻ റിപ്പോർട്ടും, കേരള സംസ്ഥാന വൈദ്യുതി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, റെഗുലേഷൻ 44, 45, 46 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള തിരിച്ചറിയൽ രേഖയുടെ പകർപ്പും, ഉടമസ്ഥാവകാശ/ താമസ സർട്ടിഫിക്കറ്റും, മേൽവിലാസം തെളിയിക്കുന്ന രേഖയുടെ പകർപ്പും ചേർത്ത് ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. |
| (ബി) പ്രസ്തുത നിബന്ധനകളെല്ലാം പാലിച്ചുകൊണ്ടായിരുന്നോ ഹാരിസൺ, മലയാളം ലിമിറ്റഡിന്റെ ലേബർ ഹൗസുകൾക്ക് ഒ.വൈ.ഇ.സി. പ്രകാരം കണക്ഷൻ നൽകിയത്; അവർ നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) അതെ. അപേക്ഷയുടേയും രേഖകളുടേയും പകർപ്പ് അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി), ഉടമസ്ഥാവകാശം തെളിയിക്കാനായി ഏതൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത്; കമ്പനി ഹാജരാക്കിയ രേഖ എന്താണ്; അത് നിയമാനുസൃതം സ്വീകാര്യമാണോ; | (സി) ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, റെഗുലേഷൻ 45 പ്രകാരമുള്ള രേഖയാണ് നൽകേണ്ടത്. വൈദ്യുതി കണക്ഷൻ ലഭിക്കുന്ന |

(.....2)

| | | |
|---|---|---|
| | എങ്കിൽ പ്രസ്തുത രേഖ മറ്റ് ഉപഭോക്താക്കൾക്കും ബാധകമാക്കാനായി നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ; | തിനായി മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റാണ് പ്രസ്തുത കമ്പനി ഹാജരാക്കിയത്. ഈ രേഖ നിയമാനുസൃതം സ്വീകാര്യമാണ്. ഈ നിബന്ധന എല്ലാ ഉപഭോക്താക്കൾക്കും ബാധകമാണ്. |
| (ഡി) | പ്രസ്തുത കമ്പനി വൈദ്യുതി കണക്ഷനായി നൽകിയ ഇൻഡമ്നിറ്റി ബോണ്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; അതിൽ കമ്പനിയുടെ സ്റ്റാറ്റസ് (വാടകക്കാരൻ, പാട്ടക്കാരൻ, കൈവശക്കാരൻ) എന്താണ് നൽകിയിരുന്നത്; ഇൻഡമ്നിറ്റി ബോണ്ട് പൂർണ്ണമായിരുന്നോ; ഇത്തരത്തിലുള്ളവ നിയമാനുസൃതമാണോ എന്നറിയിക്കുമോ? | (ഡി) ഇൻഡമ്നിറ്റി ബോണ്ടിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു. ഇതിൽ കമ്പനിയുടെ സ്റ്റാറ്റസ് കൈവശാവകാശക്കാരൻ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കുമ്പഴയിലുള്ള ലേബർ ഹൗസു കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഇൻഡമ്നിറ്റി ബോണ്ടിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. മേൽപ്പറഞ്ഞ ലേബർ ഹൗസുകളിൽ നിലവിൽ കുമ്പഴ എസ്റ്റേറ്റിലെ ഹൈടെൻഷൻ കണക്ഷനിൽ നിന്നും കോളനി സപ്ലൈ ആയി കണക്ഷൻ നിലവിലുണ്ടായിരുന്നു. ഇതു മാറ്റി ലേബർ ഹൗസുകൾക്ക് പ്രത്യേകം പ്രത്യേകം കണക്ഷനുകൾ നൽകുന്നതിനു വേണ്ടിയാണ് ടി അപേക്ഷ സമർപ്പിച്ചത്. റെവന്യൂ അധികാരികളിൽ നിന്നുള്ള രേഖകൾ സമർപ്പിക്കാതിരുന്ന സാഹചര്യത്തിലാണ് പ്രസ്തുത ഇൻഡമ്നിറ്റി ബോണ്ട് ഹാജരാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് നിരീക്ഷണമനുസരിച്ച് ഈ വിഷയം പത്തനംതിട്ട ജില്ലാകളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരികയും കളക്ടറുടെ ഉത്തരവ് പ്രകാരം ടി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**